No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2019

## സംവരണാനുകൂല്യമില്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള അധിക ആയുർവേദ/ഹോമിയോ സീറ്റുകളിലേക്കുള്ള പ്രവേശനം

2019 വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് സംവരണാനുകൂല്യം ലഭ്യമാകാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി (**EWS**) സർക്കാർ/എയ്ഡഡ് മേഖലയിലെ ആയുർവേദ/ ഹോമിയോ കോഴ്സുകൾക്ക് അധികമായി സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്നതിന് അർഹരായ വിദ്യാർത്ഥികൾ ആവശ്യമായ രേഖ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. **14.03.2019** തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.52/2019/ജി.എ.ഡി. മാനദണ്ഡപ്രകാരം **SC/ST/ SEBC/OEC** എന്നിവർ ഒഴികെയുള്ള ജനറൽ വിഭാഗക്കാരായ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ തഹസിൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി **03.08.2019** മുതൽ **07.08.2019, 3.00** മണി വരെ ഓൺലൈനായി അപ് ലോഡ് ചെയ്യേണ്ടതാണ്. രേഖ സമർപ്പിക്കുന്നതിനുള്ള സമയപരിധി യാതൊരു കാരണവശാലും നീട്ടി നല്കുന്നതല്ല. നിശ്ചിത തീയതിക്കകം രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. നിലവിൽ **EWS** സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്തിട്ടുള്ളവർ വീണ്ടും അപ് ലോഡ് ചെയ്യേണ്ടതില്ല. പുതുതായി സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുന്നവരെ ആയുർവേദ/ഹോമിയോ കോഴ്സുകളിലേയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന വിവരം പ്രത്യേകം അറിയിക്കുന്നു.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം

01.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**